# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 23**

---

## സൗജന്യ തൊഴിൽ മേള 27ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ കോട്ടയം മോഡൽ കരിയർ സെന്ററുമായി ചേർന്ന് സംഘടിപ്പിക്കുന്ന സൗജന്യ തൊഴിൽ മേള സെപ്തംബർ 27ന് നടക്കും.*

*ബാങ്കിംഗ്, കമ്യൂണിക്കേഷൻ, കേബിൾ ടിവി, സൂപ്പർ മാർക്കറ്റ് തുടങ്ങിയ മേഖലകളിലെ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന മേളയിൽ നാനൂറോളം തൊഴിലവസരങ്ങളുണ്ട്.*

*പത്താം ക്സാസ്, പ്ലസ് ടു, ഐടിഐ, ഡിപ്ലോമ, ഡിഗ്രി, പിജി യോഗ്യതകളുള്ളവർക്ക് പങ്കെടുക്കാം. പങ്കെടുക്കുന്നതിന്* t.ly/VrB18 *എന്ന ഗൂഗിൾ ഫോം ലിങ്കിലൂടെ 2024 സെപ്തംബർ 26 മുൻപ് രജിസ്റ്റർ ചെയ്യണം.ഫോൺ-04812731025, 8075164727*
*(പി.ആർ.ഒ/39/844/2024)*

## തീരശുചീകരണ ദിനാചരണം നടത്തി

*അന്താരാഷ്ട്ര തീരശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ നേതൃത്വത്തിൽ ആലപ്പുഴ ബീച്ചിൽ ശുചീകരണം നടത്തി.*

*വകുപ്പിലെ എംഎസ്സി, പിഎച്ച്ഡി വിദ്യാർഥികളും അധ്യാപകരും ജീവനക്കാരും ഉൾപ്പെടുന്ന സംഘത്തിനൊപ്പം കൊല്ലം അമൃത വിശ്വവിദ്യാപീഠത്തിലെ വിദ്യാർഥികളും പങ്കെടുത്തു.*

*ബീച്ചിൽ നൂറു മീറ്ററോളം സ്ഥലം ശുചീകരിച്ച ഇവർ ശേഖരിച്ച മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് കൈമാറി. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ, ഡോ. ഇ.വി. രാമസ്വാമി, ആലപ്പുഴ ജില്ലാ ശുചിത്വമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ മുഹമ്മദ് കുഞ്ഞി, ഡോ. ജോയ്സ് കെ. ജോസഫ് എന്നിവർ നേതൃത്വം നൽകി.*

*ശുചീകരണത്തിനുശേഷം ബോധവത്കരണ റാലി നടത്തിയ വോളണ്ടിയർമാർ പൊതുജനങ്ങൾക്ക് ലഘുലേഖകൾ വിതരണം ചെയ്തു.*

*ഫോട്ടോ ക്യാപ്ഷൻ...*

*അന്താരാഷ്ട്ര തീരശുചീകരണ ദിനാചരണത്തോനുടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ബീച്ചിൽ ശുചീകരണ പരിപാടിക്കുശേഷം നടത്തിയ ബോധവത്കരണ റാലി.*
*(പി.ആർ.ഒ/39/845/2024)*

## പരീക്ഷാ തീയതി

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 30 മുതൽ നടക്കും.*

..........................

*അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 2018 മോഡൽ രണ്ട് ബിഎ, ബിഎസ്സി, ബികോം (1998 മുതൽ 2008 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ നാല് മുതൽ നടക്കും.*
*(പി.ആർ.ഒ/39/846/2024)*

## പരീക്ഷാഫലം

*രണ്ടാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് ജനുവരി 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 23 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കാം.*

..........................

*അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 2018 എംഎ മലയാളം (2001 മുതൽ 2003 വരെ അഡ്മിഷനുകൾ റെഗുലർ 2002, 2003 അഡ്മിഷനുകൾ പ്രൈവറ്റ് ഡിസംബർ 2023) പരിക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ നാലു വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം.*
*(പി.ആർ.ഒ/39/847/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി, എംഎ (ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക്ക് സയൻസ് കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഇന്റഗ്രേറ്റഡ് എംഎ ഇംഗ്ലീഷ് 2020 അഡ്മിഷൻ റെഗുലർ) പരീക്ഷകൾക്ക് സെപ്റ്റംബർ 28 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി സെപ്റ്റംബർ 30നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ ഒന്നിനും അപേക്ഷ സ്വീകരിക്കും.*
*(പി.ആർ.ഒ/39/848/2024)*

## മാർക്ക് ചേർക്കുന്നതിന് അപേക്ഷ നൽകണം

*സിബിസിഎസ് പ്രകാരമുള്ള  എല്ലാ ബിരുദ പ്രോഗ്രാമുകളുടെയും (ബിഎ, ബിഎസ്സി, ബികോം, ബിബിഎ, ബിസിഎ, ബിഎസ്ഡബ്ല്യു, ബിഎഫ്ടി, ബിബിഎം, ബിടിഎസ്, ബിപിഇ 2017,2018, ,2019 അഡ്മിഷനുകൾ) ഒന്നു മുതൽ ആറുവരെ സെമസ്റ്ററുകളുടെ പുനർമൂല്യനിർണയ ഫലത്തിന്റെ മാർക്കുകൾ കൂട്ടിച്ചേർക്കാത്ത വിദ്യാർഥികൾ ഒക്ടോബർ നാലിന് മുൻപ് ഇതിനായി അപേക്ഷ സമർപ്പിക്കണം. ഈ സമയപരിധി ക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്തവരുടെ പുനർമൂല്യനിർണയഫലം പിന്നീടു കൂട്ടി ച്ചേർത്താൽ ഈ മാർക്ക് അന്തിമ റാങ്ക്, പൊസിഷന് പരിഗണിക്കുന്നതല്ല.*
*(പി.ആർ.ഒ/39/849/2024)*

## യുണിയൻ തെരഞ്ഞെടുപ്പ്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ 2024-2025 വർഷത്തെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ്, ഒക്ടോബർ 17ന് നട ത്തും. വിജ്ഞാപനം ഇന്ന്(സെപ്റ്റംബർ 24)  പ്രസിദ്ധീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/850/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**